ഗവൺമെന്റ് തിരിച്ചറിയൽ കാർഡ് നൽകണം. സ്റ്റുഡിയോകളിലെയും കളർ ലാബുകളിലെയും ജീവനക്കാർക്ക് ജോലിസ്ഥിരത ഉറപ്പുവരുത്തണം. സ്റ്റുഡിയോകളിലെയും കളർലാബുകളിലെയും ജീവനക്കാർക്ക് ജോലിസമയം ക്ലിപ്തപ്പെടുത്താനും അവരുടെ സേവന-വേതന വ്യവസ്ഥകൾക്ക് പ്രത്യേകം രൂപം നൽകുവാനും ക്ഷേമനിധി ഏർപ്പെടുത്തുവാനും ഗവൺമെന്റ് തയ്യാറാകണമെന്നഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, ഒരു തൊഴിലുടമയുടെ കീഴിൽ പണിയെടുക്കുന്ന ഫോട്ടോഗ്രാഫർമാർ 1960-ലെ ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റിന്റെ പരിധിയിൽ വരുന്ന തൊഴിലാളികളാണ്. കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പണിയെടുക്കുന്ന തൊഴിലാളികളുടെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിച്ച വിജ്ഞാപനത്തിൽ ഫോട്ടോഗ്രാഫർമാരുടെ കൂലി നിശ്ചയിച്ചിട്ടുണ്ട്. ഇവരുടെ കുറഞ്ഞ കൂലി അവസാനമായി പുതുക്കി നിശ്ചയിച്ചത് 4-8-1997-ലാണ്. ഈ വിഭാഗത്തിലെ തൊഴിലാളികളുടെ കുറഞ്ഞ കൂലി ഇനി പുതുക്കി നിശ്ചയിക്കേണ്ടത് 4-8-2002-ലാണ്. ഫോട്ടോഗ്രാഫർമാർ ഉൾപ്പെടെ അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനായി അവർക്കൊരു ക്ഷേമനിധി വേണമെന്നതാണ് അവരുടെ ഡിമാന്റ്. അവർക്ക് ഐഡന്റിറ്റി കാർഡ് വിതരണം ചെയ്യണം എന്നുള്ളതാണ് മറ്റൊരു ഡിമാന്റ്. ഇന്ന് നിലവിലിരിക്കുന്ന ലേബർ ഡിപ്പാർട്ടുമെന്റ് നിയമം അനുസരിച്ച് അവർക്ക് ഐഡന്റിറ്റി കാർഡ് കൊടുക്കുവാൻ നിവൃത്തിയില്ല. അവരെ സഹായിക്കാനൊരു മാർഗ്ഗം എന്നുള്ള നിലയിൽ അവർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനായി നിലവിലുള്ള കൈത്തൊഴിലാളി, വിദഗ്ദ്ധതൊഴിലാളി ക്ഷേമനിധി പദ്ധതി പരിഷ്ക്കരിച്ച് ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനെപ്പറ്റിയാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ഇപ്പോൾ ഗവൺമെന്റിന് സാമ്പത്തിക ബുദ്ധിമുട്ടുള്ളതുകൊണ്ടാണ് അത് മാറ്റി വച്ചിരിക്കുന്നത്. അല്ലെങ്കിൽ ഇപ്പോൾ തന്നെ അവർക്കുവേണ്ട ഒരു ക്ഷേമനിധി രൂപീകരിച്ചേനെ.

(16) കാസർഗോഡ് ജില്ലയിൽ കശുമാവ് തോട്ടങ്ങളിൽ കീടനാശിനി ഉപയോഗിക്കുന്നതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. പി. രാഘവൻ : സർ, കാസർഗോഡ് ജില്ലയിൽ പ്രത്യേകിച്ചും കേരളത്തിൽ പൊതുവേയുമുള്ള ഒരു പ്രശ്നമാണിത്. കശുമാവു തോട്ടങ്ങളിലും മറ്റു കൃഷിക്കും ഉപയോഗിക്കുന്ന 'എൻഡോസൾഫാൻ' എന്ന കീടനാശിനി വളരെ മാരകമായിട്ടുള്ള ഫലമാണുണ്ടാക്കുന്നതെന്ന് പത്രങ്ങളിലൊക്കെ വാർത്ത വന്നിട്ടുണ്ട്. പേരളയിലെ കശുമാവ് തോട്ടത്തിന്റെ ചുറ്റുപാടുമുള്ള ആളുകൾക്ക് പ്രത്യേകമായിട്ടുള്ള രോഗം വരുന്നതു സംബന്ധിച്ച് അവരുടെ പരാതിപ്രകാരം ഇതു സംബന്ധിച്ച് ഒരു അന്വേഷണം വന്നതായി 'ഹിന്ദു' പത്രത്തിൽ കഴിഞ്ഞദിവസം വാർത്ത വന്നിരുന്നു. അതനുസരിച്ച് ഇതിനെ "സൈലന്റ് കില്ലർ" എന്നാണ് അവർ വിശേഷിപ്പിച്ചത്. ഇത് ലബോറട്ടറിയിലൊക്കെ പരിശോധിച്ചതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മറ്റു കൃഷിക്കും ഉപയോഗിക്കുന്നുണ്ട്. വളരെ വർഷങ്ങളോളം ഇതിന്റെ ഫലം ഉണ്ടാകും. വളർന്നു വരുന്ന കുട്ടികളിലടക്കം ഇത് രോഗമുണ്ടാക്കുന്നു എന്നു പറഞ്ഞുകൊണ്ട് അതിനെ സംബന്ധിച്ച് വലിയ ഭീതി നാട്ടിലുണ്ട്. ഒന്നുകിൽ പൂർണ്ണമായിട്ടും ഒഴിവാക്കുക, അല്ലെങ്കിൽ എന്താണെന്ന് പഠിച്ച് അതിന് പ്രതിവിധി ഉണ്ടാക്കാനാവശ്യമായ നടപടികൾ എടുക്കുക.

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : ബഹുമാനപ്പെട്ട പി. രാഘവൻ ഉന്നയിച്ച പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ള പ്രശ്നമാണ്. കശുമാവ് പൂക്കുന്ന അവസരത്തിൽ പൂക്കുലകളെ കരിക്കുന്ന തേയിലക്കൊതുകിന്റെ ആക്രമണം ഉണ്ടാകും. ആക്രമണം ഉണ്ടായാൽ പൂക്കുലകൾ മുഴുവനും കരിഞ്ഞുപോകും. കാലാന്തരത്തിൽ കശുമാവ് തന്നെ കരിഞ്ഞുപോകുന്ന അവസ്ഥാവിശേഷം ഉണ്ടാകുന്നു. തേയിലക്കൊതുകിനെ പ്രതിരോധിക്കാൻ വേണ്ടി അവയെ നേരിടുന്നതിനുവേണ്ടി കഴിഞ്ഞ കുറേ വർഷങ്ങളായിട്ട് ഉപയോഗിക്കുന്ന ഒരു കീടനാശിനിയാണ് "എൻഡോസൾഫാൻ". ഈ കീടനാശിനി ഉപയോഗിക്കുന്നതു സംബന്ധിച്ച് പരിസ്ഥിതി പ്രശ്നം ഉണ്ടെന്നും ആരോഗ്യപ്രശ്നം ഉണ്ടെന്നും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ചില പത്രങ്ങളിലും വാരികകളിലും ഇതിനെ സംബന്ധിക്കുനന റിപ്പോർട്ടുണ്ടായിരുന്നു. ബഹുമാന്യരായ പി. രാഘവനും നാരായണനും ഒക്കെ ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതായി പത്രവാർത്തകളിൽ കാണുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നത്തിന്റെ എല്ലാ വശങ്ങളും പഠിച്ച് ഗവൺമെന്റിന് മൂന്നു മാസത്തിനകം റിപ്പോർട്ടു സമർപ്പിക്കുവാൻ വേണ്ടി പരിസ്ഥിതി വിദഗ്ദ്ധനായിട്ടുള്ള ഡോക്ടർ അച്ചുതൻ ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ആ കമ്മിറ്റിയിൽ കോഴിക്കോട് മെഡിക്കൽ കോളേജിലെ പാതോളജി പ്രൊഫസർ ഡോക്ടർ കെ.പി. അരവിന്ദൻ, കാർഷിക സർവ്വകലാശാല കശുമാവ് ഗവേഷണ കേന്ദ്രത്തിന്റെ മേധാവി ഡോക്ടർ അബ്ദുൾസലാം, കാർഷിക സർവ്വകലാശാലയിലെ പ്രൊഫസർ ഡോക്ടർ സാമുവൽ മാത്യു എന്നിവർ അംഗങ്ങളാണ്. ഗവൺമെന്റ് മൂന്നു മാസത്തിനകം റിപ്പോർട്ടു സമർപ്പിക്കാൻ പറഞ്ഞിട്ടുണ്ട്. റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ അത് പഠിച്ച് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കും. നിരോധിക്കാനാണ് ശുപാർശയെങ്കിൽ അത് നിരോധിക്കും.

(17) എരുമേലി 110 കെ.വി. സബ്സ്റ്റേഷന്റെ പണി

ശ്രീ. ജോർജ് ജെ. മാത്യു : സർ, എരുമേലിയിൽ ഒരു 110 കെ.വി. സബ് സ്റ്റേഷൻ തുടങ്ങാനായിട്ടുള്ള എല്ലാ നടപടികളും സ്വീകരിച്ചു കഴിഞ്ഞ് ഉദ്ഘാടനത്തിനുള്ള ക്ഷണക്കത്തുവരെ അടിച്ച് ഞങ്ങൾക്കെല്ലാപേർക്കും തന്നു. എന്നാൽ അവസാന നിമിഷം ഭൂമിയെ സംബന്ധിച്ചുണ്ടായ ചെറിയ ഒരു തർക്കത്തെതുടർന്ന് അത് മാറ്റി വയ്ക്കുകയാണുണ്ടായത്. തർക്കം എന്നു പറയുന്നത്, 80 കൊല്ലം മുൻപുള്ള ഒരു പട്ടയത്തിന്റെ കടലാസ് ഉടമയ്ക്കില്ലായെന്നതാണ്. 80 കൊല്ലം മുൻപ് പട്ടയം കൊടുത്ത കടലാസ്. വളരെ ഖേദകരമായിപ്പോയി. കാരണം, എരുമേലിപോലുള്ള ഒരു സ്ഥലത്ത് സബ് സ്റ്റേഷൻ പണി ആരംഭിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly